ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2015-16 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകൾക്കും ടെണ്ടറുകൾക്കും ഉപയോഗിക്കുന്ന മുദ്രപത്രത്തിന്റെ വില 100 രൂപയിൽ നിന്നും 500 രൂപയായി ഉയർത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫിനാൻസ് ആക്ട് 2010 (2010 ലെ ആക്ട് 10) മുഖേനയാണ് കരാറുകൾക്ക് 100 രൂപ വിലയിലുള്ള മുദ്രപത്രം ഏർപ്പെടുത്തിയത്. കരാറുകൾക്കുള്ള മുദ്രപത്രത്തിന്റെ വില താഴ്ത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

കെ.എഫ്.സി.യിൽ നേരിട്ട് നിയമനം ലഭിച്ചവർ

183 (3337) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.-യിൽ എത്ര ജീവനക്കാരെ നേരിട്ട് നിയമിച്ചിട്ടുണ്ട്; ഇവർ ആരൊക്കെ;ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട്; പേരു സഹിതം വിശദമാക്കുമോ;

(ബി) ഇവരുടെ ഓരോരുത്തരുടേയും ശമ്പളസ്കെയിൽ, സർവ്വീസിൽ കയറിയതിനുശേഷമുള്ള മാസ ശമ്പളം, നിയമന സമയം, കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി യിൽ എത്ര പുതിയ എ.ഡി.-മാർ വന്നിട്ടുണ്ട്; ഇവർ ആരൊക്കെ; വിശദമാക്കുമോ?

ഉത്തരം

(എ) 9 പേരെ നേരിട്ട് നിയമിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

പേര്	തസ്തിക
ശ്രീ. വിനിൽ കുമാർ	മാനേജർ
ശ്രീ. ബാബു ജോസഫ്	മാനേജർ
ശ്രീമതി ലക്ഷ്മി വി	മാനേജർ
ശ്രീമതി ശാരണ്യ എം.എസ്.	ഡെപ്യൂട്ടി മാനേജർ
ശ്രീമതി സോണ വർഗ്ഗീസ്	ഡെപ്യൂട്ടി മാനേജർ
ശ്രീ. അരുൺ ജോസ് ഡിക്രൂസ്	ഡെപ്യൂട്ടി മാനേജർ (ലാമേക്കാനിക്കൽ)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഗിരിഷ് എച്ച്.	ഡെപ്യൂട്ടി മാനേജർ (സാങ്കേതികം)
ശ്രീ. ഗോപിശങ്കർ ബി.	ഡെപ്യൂട്ടി മാനേജർ (സാങ്കേതികം)
ശ്രീ. ശ്രീജിത്ത് എസ്.	ഡെപ്യൂട്ടി മാനേജർ (സാങ്കേതികം)

(ബി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന 2 പേർ കെ.എച്ച്.സി.യിൽ എം.ഡി. ആയി വന്നിട്ടുണ്ട്:

1. ശ്രീ. യോഗേഷ് ഗുപ്ത ഐ.എ.എസ്.

2. ശ്രീ. എ. അലി അക്ബർ.

കേരള സംരംഭകത്വ വികസന മിഷൻ

184 (3338) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2015-ൽ കേരള വ്യവസായ വാണിജ്യ നയരേഖയിൽ (G.O(P) No.58/15/ID) 5.3 ഖണ്ഡികയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ പ്രവർത്തിച്ചുവരുന്ന കേരള സംരംഭകത്വ വികസന മിഷനെ (KSEDM) ഒരു പ്രത്യേക വകുപ്പായി മാറ്റുമെന്ന പ്രഖ്യാപനത്തിന്മേൽ അനന്തരനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരള സംരംഭകത്വ വികസന മിഷനെ പ്രത്യേക വകുപ്പായി മാറ്റുമ്പോൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ;

(സി) കേരള സംരംഭകത്വ വികസന മിഷന്റെ ആദ്യഘട്ടത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; അതിൽ കെ.എഫ്.സിയിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട് : ആയതിന്റെ തരംതിരിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) കേരള സംരംഭകത്വ വികസന മിഷനിലൂടെ നാളിതുവരെ എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച തൊഴിലവസരങ്ങളുടെ കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) കേരള സംരംഭകത്വ വികസന മിഷന്റെ ആദ്യഘട്ടത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവുമാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ

* ചെയ്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly